Draft #2 of File 11947/Admin/2024/UOK-KC Approved by JOINT REGISTRAR on 28-Dec-2024 02:27 PM


# കേരള സർവകലാശാല,

## കാമ്പസ് ഭരണ വിഭാഗം

കാര്യവട്ടം, തിരുവനന്തപുരം

www.keralauniversity.ac.in

**ജോയിന്റ് രജിസ്ട്രാർ**
**കാമ്പസ് ഭരണവിഭാഗം**

ടെലി: 0471 – 2308907
ഫാക്സ് : 2308614
Email-jr.ca.uok@gmail.com


നം. സി.എ/അഡ്മിൻ/tree logs/06/2024-25 തീയതി 28..12..2024

## മരം വിൽപന – ദർഘാസ് & ലേലം നോട്ടീസ്

കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ ORI ആൻഡ് MSSL ബിൽഡിംഗ്ൻറെ എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന അഞ്ച് അക്കേഷ്യ മരങ്ങൾ വിലയ്ക്കെടുക്കാൻ യോഗ്യരായ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. മരങ്ങളുടെ അളവ് വിവരങ്ങൾ ഇതോടൊപ്പം നൽകിയിരിക്കുന്നു. ഇ.എം.ഡി തുക 2000/- രൂപ, ഡെപ്യൂട്ടി രജിസ്ട്രാർ, കാമ്പസ് ഭരണവിഭാഗം എന്ന പേരിൽ പ്രത്യേകം എടുത്ത ഡി.ഡി-യോടൊപ്പം (എസ്.ബി.ഐ കാര്യവട്ടം ബ്രാഞ്ചിൽ മാറാവുന്നത്) വെള്ളപ്പേപ്പറിൽ ദർഘാസും അപേക്ഷകന്റെ പേരും മേൽവിലാസവും ഫോൺ നമ്പരും രേഖപ്പെടുത്തി 03.**01.2025** രാവിലെ 10.30 മണിക്ക് മുമ്പായി ജോയിന്റ് രജിസ്ട്രാർ, കാമ്പസ് ഭരണവിഭാഗം, കാര്യവട്ടം ഓഫീസിൽ എത്തിക്കേണ്ടതാണ്.

പ്രസ്തുത മരങ്ങളുടെ വിൽപനയ്ക്കായി **അന്നേ ദിവസം രാവിലെ 11.00 മണിക്ക്** ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ വച്ച് ഒരു പൊതുലേലവും നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിനു ഡെപ്യൂട്ടി രജിസ്ട്രാർ, കാമ്പസ് ഭരണവിഭാഗം എന്ന പേരിൽ പ്രത്യേകം എടുത്ത 2000/- രൂപയുടെ ഡി.ഡി, ഇ.എം.ഡി ആയി സമർപ്പിക്കേണ്ടതാണ്.

മരത്തടികളുടെ അളവ് വിവരങ്ങൾ ഇതോടൊപ്പം നൽകിയിരിക്കുന്നു. ദർഘാസ് നിബന്ധനകളുടെ വിശദാംശങ്ങൾ അറിയുന്നതിനും മരത്തടികൾ നേരിൽ കാണുന്നതിനും സർവകലാശാലയുടെ കാര്യവട്ടം കാമ്പസ് ഭരണവിഭാഗം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. **ദർഘാസ് ലഭിക്കുന്ന വ്യക്തി ലേലത്തുകയുടെ 2 5 % ഉടൻ കെട്ടിവയ്ക്കേണ്ടതാണ്. ബാക്കി തുകയും നിയമാനുസൃത നികുതികളും 3 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഒടുക്കി രസീതു ഹാജരാക്കുകയും 5 ദിവസത്തിനകം ടി മരത്തടികൾ സ്ഥലത്തു നിന്നു നീക്കം ചെയ്യേണ്ടതുമാണ്.**

**ജോയിന്റ് രജിസ്ട്രാർ**

## LIST OF TREES

| Sl. No | Species | GBH in cm | TIMBER | | FIREWOOD | | Remarks |
|---|---|---|---|---|---|---|---|
| | | | Volume of Timber ($M^3$) | Timber Rate $M^3$ | Volume of Firewood (MT) | Firewood Rate $M^3$ | |
| 1 | അക്കേഷ്യ | 1.40 | 0.879 | 10710 | 0.274 | 845 | D 64 |
| 2 | അക്കേഷ്യ | 0.60 | 0 | 10230 | 0.100 | 845 | D 65 |
| 3 | അക്കേഷ്യ | 1.10 | 0.396 | 10230 | 0.085 | 845 | D 67 |
| 4 | അക്കേഷ്യ | 0.90 | 0.130 | 10230 | 0 | 0 | D 68 |
| 5 | അക്കേഷ്യ | 0.90 | 0.130 | 10230 | 0 | 0 | D 69 |

മേൽ പറഞ്ഞ മരങ്ങൾ മുറിക്കുന്ന പക്ഷം കാലതാമസം ഒഴിവാക്കി ലേലം ചെയ്യേണ്ടതും, ലേല തുകയുടെ 5% വന വികസന നികുതിയും, വനവികസന നികുതിയുടെയും വിൽപ്പന വിലയുടെയും 18% GST യും മറ്റ് നിയമാനുസൃത നികുതികളും കൃത്യമായി ഈടാക്കേണ്ടതുമാണ്. വന വികസന നികുതിയായി ഈടാക്കുന്ന തുക 0406-01-101-96-00-FDT എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 0101-250-020 ആയി സർക്കാർ ഖജനാവിൽ ചെലാൻ മുഖാന്തിരം ഒടുക്കി അസ്സൽ ഈ ഓഫീസിലേയ്ക്ക് എത്രയും വേഗം അയച്ചുതരേണ്ടതാണ്.

കേരള വന നിയമം 1961 സെക്ഷൻ 75A പ്രകാരം തടി, വിറക് എന്നിവയുടെ ആകെ ലേല തുകയുടെ .5% വനവികസന നികുതിയായി അടയ്ക്കുവാൻ നിയമാനുസൃതമായ ബാദ്ധ്യത ലേലം നടത്തുന്ന ഉദ്യോഗസ്ഥരിൽ നിക്ഷിപ്ത മാണെന്നും, ആയതിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം നിയമാനുസൃത മായുള്ള റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു. നികുതി ചെലാൻ ഒറിജിനൽ ഏഴ് ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

മുറിച്ച് മാറ്റുന്ന ഒരു മരത്തിന് 10 വൃക്ഷങ്ങൾ വീതം വച്ചുപിടിപ്പിച്ച് പരിപാലിക്കേണ്ടതാണ്. ഇത്തരത്തിൽ ഈ അനുമതി അനുസരിച്ച് വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നതിന് ആവശ്യമായ നടപടി ഉടനെ കൈക്കൊണ്ട് വിവരം ഈ ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതാണെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

OFFICE OF THE ASSISTANT CONSERVATOR OF FORESTS
THIRUVANANTHAPURAM
695 013
SOCIAL FORESTRY DIVISION

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരം

പകർപ്പ്:- തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ്